# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2358 — 20.06.2012 - ൽ മറുപടിക്ക്

## മലിനജല വിതരണം സംബന്ധിച്ച പരാതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | **വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മലിനജലം കലരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;** | (എ) | പഴകി ദ്രവിച്ച പൈപ്പുകളിലൂടെ പമ്പിംഗ് ഇല്ലാത്ത സമയങ്ങളിൽ മലിനജലം പ്രവേശിക്കുന്നതായും, പൈപ്പുലൈനിൽ പൊട്ടലുകൾ ഉണ്ടാവുമ്പോൾ ആ ഭാഗം വഴി മലിന ജലം കലരുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ ജല വിതരണം നടക്കാത്ത സമയത്ത് ഹാൻഡ് പമ്പ് ഉപയോഗിച്ചും മറ്റു മാർഗ്ഗങ്ങളിലൂടെയും വെള്ളം ഊറ്റിയെടുക്കുന്നവർക്ക് മലിന ജലം ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | **എങ്കിൽ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ശുദ്ധജലം തന്നെ വിതരണം ചെയ്യുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ?** | (ബി) | ഗുണനിലവാരം തിട്ടപ്പെടുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ സ്ഥിരം സംവിധാനം നിലവിലുണ്ട്. പൊട്ടലുകൾ സമയബന്ധിതമായി പരിഹരിച്ചും ലൈനുകൾ സ്കവർ ചെയ്തും ക്ലോറിനേഷൻ നടത്തിയും ശുദ്ധജലവിതരണം നടത്തി വരുന്നു. കൂടാതെ പഴകിയ പൈപ്പുകൾ മാറ്റി ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചു വരുന്നു. ഹാൻഡ് പമ്പുകൾ ഉപയോഗിച്ച് വെള്ളം എടുക്കുന്നവർക്കെതിരെ നടപടിയും കൈക്കൊള്ളാറുണ്ട്. |

സെക്ഷൻ ഓഫീസർ